പോലീസ് സ്റ്റേഷനുകളും വനമേഖലയോട് ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ ഉള്ളവയാണ്. വനമേഖലയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ 1020 Arms licence നിലവിലുണ്ട്. അതിൽ 252 എണ്ണം പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. 152 അപേക്ഷകൾ പരിശോധിച്ചതിൽ തോക്ക് കൈവശം വയ്ക്കുന്ന ആളുകൾക്ക് തോക്ക് കൈവശം വയ്ക്കത്തക്ക തരത്തിലുള്ള സുരക്ഷാ ഭീഷണിയൊന്നും ഇല്ലാത്തവരും വനമേഖലയിൽനിന്നും പത്ത് കിലോമീറ്റർ മാറിത്താമസിക്കുന്നവരും പ്രായമായി കാഴ്ചശക്തി കുറഞ്ഞ് ക്ഷീണിതരായവർ ആയതിനാലുമാണ് അവരുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതെന്നാണ് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ട്. 85 അപേക്ഷകൾ അന്വേഷണ അവസ്ഥയിലാണ്. 16 അപേക്ഷകളിന്മേൽ യോഗ്യരായ ആളുകൾ ആയതിനാൽ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്, ആർക്കും ലൈസൻസ് പുതുക്കി നൽകാത്ത പ്രശ്നം അവിടെ നിലനിൽക്കുന്നില്ല. ഓരോന്നും പരിശോധിച്ചുകൊണ്ട് അർഹതയുള്ളവർക്ക് കൊടുത്തുവരുന്നുണ്ട്. കാസർകോഡ് ജില്ലയിൽ ആകെ 1023 പേർക്ക് തോക്ക് ലൈസൻസുണ്ട്. അതിൽ 316 എണ്ണം പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. 24 എണ്ണം ശുപാർശ ചെയ്തിട്ടുണ്ട്. 112 അപേക്ഷകൾ വിവിധ കാരണങ്ങളാലാണ് ശുപാർശ ചെയ്യാതിരുന്നിട്ടുള്ളത്. 108 അപേക്ഷകൾ അന്വേഷണാവസ്ഥയിലാണുള്ളത്. വനമേഖലയിൽ മാത്രമല്ല മറ്റ് സ്ഥലങ്ങളിലും പോലീസിന്റെയും മറ്റ് ഡിപ്പാർട്ട്മെന്റുകളുടെയും അന്വേഷണത്തിൽ ആയുധം കൈവശം വയ്ക്കാൻ യോഗ്യരല്ലാത്ത ആളുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ജില്ലയിൽ തോക്ക് മുതലായ ആയുധങ്ങൾ സാമൂഹ്യ വിരുദ്ധരുടെ കൈയിൽ എത്തിപ്പെടാനും അത് ദുരുപയോഗം ചെയ്യാനും സാധ്യതയുള്ളതിനാൽ ആയുധ ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും വിശദമായ അന്വേഷണം നടത്തണമെന്ന് ഇത് സംബന്ധിച്ച് വിവിധ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റും ഒരു കത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ട് ആരുടെയും അപേക്ഷകൾ മനഃപൂർവ്വം നിരസിക്കുവാൻ പാടില്ല. നോംസ് അനുസരിച്ച് ലഭിക്കുന്ന അപേക്ഷകൾ എല്ലാം പുതുക്കി നൽകുന്നുണ്ട്. അത് സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഗവൺമെന്റ് ഇടപെടുന്നതായിരിക്കും. 5-5-2010-ൽ ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് സർക്കാർ ഇടപെടുകയും ചെയ്തിട്ടുണ്ട്.

5 സ്പെഷ്യൽ റൂൾസ് പ്രകാരം നിയമനങ്ങൾ നടത്താൻ നടപടി

ശ്രീ. എം. മുരളി : സർ, സംസ്ഥാന ഹയർ സെക്കണ്ടറി വകുപ്പിൽ അദ്ധ്യാപക നിയമനത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 2001-ൽ നിയമസഭ അംഗീകരിച്ച സ്പെഷ്യൽ റൂൾസ്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതകൾ നിർണ്ണയിക്കാനും മാനദണ്ഡങ്ങൾ നിശ്ചയിക്കാനുമുള്ള അധികാരം നിയമസഭയ്ക്കും നിയമസഭയോട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കുമുള്ളതാണ്. 2001-ൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം സംബന്ധിച്ച് യോഗ്യതകളും മാനദണ്ഡങ്ങളും തീരുമാനിച്ചതനുസരിച്ചാണ് എച്ച്.എസ്.എസ്.റ്റി ജൂനിയർ, സീനിയർ പോസ്റ്റുകളിലേക്ക് വിവിധങ്ങളായ വിഷയങ്ങളിൽ അദ്ധ്യാപക നിയമനങ്ങൾ നടക്കേണ്ടത്. പക്ഷേ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ആ സ്പെഷ്യൽ റൂൾസിനെ മറികടന്നുകൊണ്ട് നിയമനത്തട്ടിപ്പ് നടക്കുന്നുവെന്ന് ഞാൻ ആക്ഷേപം ഉന്നയിക്കുകയാണ്. ആ നിയമനത്തട്ടിപ്പ് വിശദമായ ഒരു അന്വേഷണത്തിന് വിധേയമാക്കുകയും അന്യായമായി തസ്തിക മാറ്റം വഴി കൊടുത്തിട്ടുള്ള നിയമനങ്ങൾ പുന:പരിശോധിക്കുകയും റദ്ദാക്കുകയും ചെയ്യണം. സ്പെഷ്യൽ റൂൾസിൽ ഫിക്സ് ചെയ്ത ഒരു അനുപാതമുണ്ട് 1:3. ഡിപ്പാർട്ട്മെന്റിൽ യോഗ്യതയുള്ളവർക്ക് തസ്തിക മാറ്റംവഴി നിയമനം കൊടുക്കുന്നു. പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള 3 പേർക്ക് നിയമനം കൊടുക്കുമ്പോൾ ഡിപ്പാർട്ട്മെന്റിലുള്ള ഒരാൾക്ക് നിയമനം കൊടുക്കുന്നു. ഇവിടെ പി.എസ്.സി ലിസ്റ്റിലുള്ളവരെ നോക്കുകുത്തിയായി വച്ചുകൊണ്ട് ഡിപ്പാർട്ട്മെന്റിലെ തസ്തിക മാറ്റം വഴിയുള്ള നിയമനം മാത്രമാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നടക്കുന്നത്. 1:3 എന്ന അനുപാതം നിയമസഭ തിരുമാനിച്ച സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അനുപാതമാണ്, പക്ഷേ സർക്കാർ വിജ്ഞാപനം ചെയ്ത അനുപാതം കാറ്റിൽപ്പറത്തിയിരിക്കുകയാണ്. വിശദമായ അന്വേഷണം നടത്തി ഇതിന് ഉത്തരവാദികളായ ഹയർ സെക്കണ്ടറിയിലെ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുകയും ഈ നിയമനങ്ങൾ റദ്ദാക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, 2001-ലാണ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമന രീതികൾ, യോഗ്യതകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത്. ഈ ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് അതതു കാലത്തെ സർക്കാരുകൾ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരിൽ നിന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തസ്തിക മാറ്റം മുഖേന ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരെ കണ്ടെത്തുകയും നിയമിക്കുകയും ചെയ്തിരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത്തരം നിയമന ഉത്തരവുകൾ സാധൂകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് നിയമാനുസൃതം നിയമനം നേടിയ എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെയും നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷം അതുപ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകരുടെ നിയമനം ആകെ ഒഴിവുകളുടെ 1:3 എന്ന നിലയിൽ തസ്തിക മാറ്റത്തിലൂടെയും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം വഴിയും വിനൃസിക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ട്. അതല്ലെന്നുണ്ടെങ്കിൽ അത് സംബന്ധിച്ച് കൃത്യമായ

വിവരങ്ങൾ തന്നാൽ നടപടി എടുക്കുന്നതാണ്. സ്പെഷ്യൽ റൂൾസ് പ്രകാരം ഒഴിവുകൾ ഉണ്ടാകുന്ന കാലയളവിൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് യോഗ്യരായ ജൂനിയർ അദ്ധ്യാപകരുണ്ടെങ്കിൽ ആ ഒഴിവുകളിലേക്ക് ഈ വിഭാഗക്കാരെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി. ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ 1:3 എന്ന നിലയിൽ തസ്തിക മാറ്റത്തിലൂടെയും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിലൂടെയുമാണ് ഒഴിവുകൾ നികത്തേണ്ടത്. സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി. നിയമനത്തിൽ യോഗ്യരായ ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകർ ഇല്ലെങ്കിൽ ആ ഒഴിവുകൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നു. ഇപ്രകാരം എച്ച്.എസ്.എസ്.റ്റി. സീനിയർ നിയമനത്തിന്റെ കാര്യത്തിൽ 1:3 എന്ന ക്രമം പാലിക്കപ്പെടാൻ മിക്കവാറും കഴിയാതെ വരുന്ന സാഹചര്യമുണ്ടാകുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ എച്ച്. എസ്.എസ്.റ്റി.- ജൂനിയർ, സീനിയർ എന്നീ രണ്ടു വിഭാഗം അദ്ധ്യാപകർ ഉള്ളതിനാൽ ജൂനിയറിന്റെ കാര്യത്തിലാണ് മൊത്തം ഒഴിവുകളുടെ 1:3 എന്ന ക്രമം നിയമനത്തിലും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിനുമായി വിഭജിക്കണമെന്ന് സ്പെഷ്യൽ റൂൾ നിഷ്കർഷിച്ചിട്ടുള്ളത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷം ഇക്കാര്യത്തിൽ കൃത്യത പാലിക്കാൻ കഴിയുന്നുണ്ട്. ഇക്കാര്യത്തിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ഹയർ സെക്കണ്ടറി വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിൽ ക്രമവിരുദ്ധമായി നടന്നിട്ടുണ്ടെന്ന് കൃത്യമായി വിവരം ബഹുമാനപ്പെട്ട അംഗം ലഭ്യമാക്കിയാൽ അത് അന്വേഷിക്കുന്നതും വളരെ കർശനമായ നടപടി അക്കാര്യത്തിൽ സ്വീകരിക്കുന്നതുമാണ്.

(6) ഗ്രൂപ്പ് 'സി' ഡെവേർഷൻ ആനുകൂല്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കഴിഞ്ഞ 42 വർഷം അതായത് 1968 മുതൽ ഭാഷാദ്ധ്യാപക തസ്തികകൾക്ക് അനുവദിച്ച ഗ്രൂപ്പ് 'സി' ഡെവേർഷന്റെ ആനുകൂല്യം 2010 നവംബർ 4-ന് ജി.ഒ.(എം.എസ്.) 220/2010എന്ന സർക്കാർ ഉത്തരവിലൂടെ റദ്ദാക്കിയിരിക്കുകയാണ്. എൽ.പി. വിഭാഗം പി.ടി., ക്രാഫ്റ്റ്, തയ്യൽ എന്നിവയ്ക്കായി നീക്കിവച്ചിട്ടുള്ള പീരിയഡുകൾ കണക്കാക്കി ഇവയെ ബാധിക്കാതെ അറബിക് പാർട്ട് ടൈം കോഴ്സുകൾ ഫുൾടൈമാക്കുകയും അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകൾ പഠിപ്പിക്കുന്നതിന് 1978 മുതൽ ഉറുദുവിനും സംസ്കൃതത്തിനും കൂടി ബാധകമാക്കിയുള്ള ഒരു ആനുകൂല്യമായിരുന്നു ഇത്. ഇപ്പോൾ ഇതുവരെ സംസ്ഥാനത്ത് നിലവിൽ വന്നിട്ടില്ലാത്ത വിദ്യാഭ്യാസ അവകാശ നിയമത്തെ കരുവാക്കിയാണ് ഈ ആനുകൂല്യം റദ്ദാക്കിയിരിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമം പഠിക്കാൻ ലിഡ ജേക്കബ് കമ്മിഷനെ നിയമിച്ചത് 27-7-2010-നാണ്. എന്നാൽ ഗ്രൂപ്പ് 'സി' ഡെവേർഷൻ റദ്ദാക്കി കത്ത് വരുന്നത് 29-5-2010-നാണ് എന്നുള്ളത് ഈ ഉത്തരവിലെ ഏറ്റവും വലിയ വൈരുദ്ധ്യമായി കാണുന്നു. കമ്മീഷൻ നിലവിൽ വരുന്നതിനുമുമ്പുതന്നെ തീരുമാനം എടുത്തുവെന്ന് വ്യക്തമാണ്. ആർട്ട് എഡ്യൂക്കേഷൻ, വർക്ക്

LIBRARY ARCHIVES Kerala Legislative Assembly